"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായവകുപ്പ് - സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി-2026-27 സാമ്പത്തികവർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 70 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(സി)വകുപ്പ്

സ.ഉ.(സാധാ) നം.633/2026/ID തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. 22/08/2024 തീയതിയിലെ സ.ഉ(സാധാ)നം.6393/2024/ധന സർക്കാർ ഉത്തരവ്.
2. കൈത്തറി ഡയറക്ടറുടെ 04/05/2026 തീയതിയിലെ എച്ച്.എൽ/799/2026-സി2 നമ്പർ കത്ത്.
3. കൈത്തറി ഡയറക്ടറുടെ 19/05/2026 തീയതിയിലെ എച്ച്.എൽ/1266/2025-സി2 നമ്പർ കത്ത്.

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി സൂചന(2)പ്രകാരം കൈത്തറി ഡയറക്ടർ പ്രൊപ്പോ സൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 2202-01-102-95(02)(പി) ശീർഷകത്തിൽ തുക വകയിരുത്തി പ്രസ്തുത ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസറായ (സി.സി.ഒ) കൈത്തറി ഡയറക്ടറെ ചുമതലപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പൊതു വിദ്യാഭ്യാസവകുപ്പും യോജിക്കുകയുണ്ടായി.

(2)സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം വിതരണം(കൈത്തറി ഡയറക്ടർ മുഖേന)പദ്ധതിയ്ക്കായി 2026-27 സാമ്പത്തിക വർഷം 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ 70 കോടി രൂപ ബഡ്ജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ഒരു തുടർ പദ്ധതിയാണ്.

(3)സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2026-27 സാമ്പത്തികവർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടത്തിപ്പിനായി, നടപ്പ സാമ്പത്തിക വർഷം 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ നിലവിൽ വകയിരുത്തിയിട്ടുള്ള **70,00,00,000/- രൂപ (എഴുപതു കോടി രൂപ)**യ്ക്ക് ഭരണാനു മതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്.

ധനകാര്യ (Education A) വകുപ്പ്.

ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്.

വിവര-പൊതുജനസമ്പർക്കവകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി നായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Anilkumar P

Date: 08-06-2026 16:32:03

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.വ്യവസായ-വിവര സാങ്കേതികവിദ്യ വകുപ്പുമന്ത്രിയുടെ
പി.എസിന്

വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്